LIBRARY ARCHIVES Kerala Legislative Assembly

പുതിയ പോലീസ് സ്റ്റേഷനുകളിലെ പോസ്റ്റ് ക്രിയേഷൻ

242 (250) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ പുതിയതായി ആരംഭിച്ച മാഞ്ഞൂർ പോലീസ് സ്റ്റേഷന്റെ സുഗമമായ പ്രവർത്തനത്തിന് പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം; ഇതു സംബന്ധിച്ച് ആഭ്യന്തര വകുപ്പിൽ ഫയൽ നിലവിലുണ്ടോ; എങ്കിൽ ഫയൽ നമ്പർ ലഭ്യമാക്കുമോ ?

ഉത്തരം

മാഞ്ഞൂർ പോലീസ് സ്റ്റേഷൻ ഉൾപ്പെടെ പുതിയതായി അനുവദിച്ച 7 പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം 80988/ഇ 1/15/ആഭ്യന്തരം നമ്പർ ഫയലിൽ പരിശോധിച്ചുവരുന്നു.

വ്യാജ ഫോട്ടോ നിർമ്മിച്ചതിനെതിരെ ക്രിമിനൽ നടപടി

243 (251) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യാജ ഫോട്ടോ നിർമ്മിക്കുന്നതും അത് മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുന്നതും ക്രിമിനൽ നടപടി നിയമത്തിലെ ഏതെല്ലാം വകുപ്പുകൾ പ്രകാരം കുറ്റകരമാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) 2014-15-ലെ പഞ്ചായത്ത് സശക്തികരൻ പുരസ്കാരം മുൻ ഇന്ത്യൻ പ്രസിഡൻഡ് എ.പി.ജെ. അബ്ദുൾ കലാം, സൂപ്പിനരിക്കാട്ടേരിക്ക് (ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് നേതാവും നാദാപുരം പഞ്ചായത്തു പ്രസിഡന്റും) നൽകുന്ന വിധത്തിൽ മോർഫ് ചെയ്ത ചിത്രം, അദ്ദേഹം പ്രചരിപ്പിച്ചതായുള്ള വിവരം പോലീസിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; മുൻ ഇന്ത്യൻ പ്രസിഡൻഡിന്റെ പേരും ഫോട്ടോയും ദുരുപയോഗപ്പെടുത്തിയ ആൾക്കെതിരെ പോലീസ് കേസ് എടുക്കുകയുണ്ടായോ; ഇല്ലെങ്കിൽ കാരണമെന്ത്; കേസെടുത്തിട്ടുണ്ടെങ്കിൽ എതെല്ലാം കുറ്റങ്ങൾക്കെതിരെ; അന്വേഷണം ഇപ്പോൾ എത് ഘട്ടത്തിലാണ് ?

ഉത്തരം

(എ) വ്യാജ ഫോട്ടോ നിർമ്മിക്കുന്നതിനും അത് മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുന്നതിനും ക്രിമിനൽ നടപടി നിയമത്തിന്റെ അടിസ്ഥാനത്തിൽ കുറ്റമാണെന്ന തരത്തിൽ വകുപ്പുകൾ ഇല്ല.

(ബി) 2014-15 പഞ്ചായത്ത് സശക്തികരൻ പുരസ്കാരം മുൻ ഇന്ത്യൻ പ്രസിഡന്റ് എ. പി. ജെ. അബ്ദുൾ കലാം, സൂപ്പിനരിക്കാട്ടേരിക്ക് നൽകന്നവിധത്തിൽ മോർഫ് ചെയ്ത ചിത്രം അദ്ദേഹം പ്രചരിപ്പിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പോലീസ് പീഡനം

244 (252) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവഴിയിലിരുന്ന് മദ്യപിച്ചുവെന്നാരോപിച്ച് പോലീസ് കസ്റ്റഡിയിൽ എടുത്ത, നെടുമങ്ങാട് ചുള്ളിമാനൂർ മേനൂർക്കോണം കൃഷ്ണനന്ദനത്തിൽ രാജീവ് പോലീസ് പീഡനത്തെതുടർന്ന് പിന്നീട് ളങ്ങിമരിച്ച നിലയിൽ കണ്ടെത്തിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) രാജീവിനെ കസ്റ്റഡിയിൽ എടുത്തതിനുശേഷം വൈദ്യപരിശോധനയ്ക്ക് വിധേയനാക്കിയിരുന്നോ; അറസ്റ്റ് ചെയ്തത് എപ്പോൾ, എവിടെവെച്ച്, എന്ത് കറ്റം ആരോപിച്ചായിരുന്നു ; പിന്നീട് വിട്ടയച്ചത് എപ്പോഴായിരുന്നു ;

(സി) പോലീസ് പീഡനത്തെത്തുടർന്ന് ആത്മഹത്യചെയ്ത രാജീവിന്റെ കുടുംബത്തെ സംരക്ഷിക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 11-8-2015-ൽ രാജീവ് എന്നയാൾ പൊതു സ്ഥലത്ത് പരസ്യമായി മദ്യപിക്കുവാൻ ശ്രമിച്ചതായി കാണപ്പെട്ടതിനാൽ വലിയമല പോലീസ് അറസ്റ്റ് ചെയ്ത് ക്രൈം നമ്പർ 440/2015 u/s 15(c) r/w 63 Abkari Act പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും അന്നേ ദിവസം തന്നെ 15.45-ന് ജാമ്യത്തിൽ വിട്ടയച്ചിട്ടുള്ളതുമാണ്. ടിയാനെ പോലീസ് യാതൊരു വിധത്തിലുള്ള ദേഹോപദ്രവും ഏൽപ്പിച്ചിട്ടില്ല. എന്നാൽ ടിയാൻ ജാമ്യത്തിൽ പോയതിന് ശേഷം ആത്മഹത്യചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിലേയ്ക്ക് നെടുമങ്ങാട് പോലീസ് സ്റ്റേഷൻ ക്രൈം 1265/15 u/s 174 CrPc പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) അറസ്റ്റിലായ രാജീവിനെ വൈദ്യപരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. 11-8-2015-ന് 14.20 മണിക്കാണ് വലിയമല പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട 'ഒഴുവെറിഞ്ഞമൂല' എന്ന സ്ഥലത്ത് വച്ച് അറസ്റ്റ് ചെയ്തത്. ക്രൈം നമ്പർ 440/2015 u/s 15(c) r/w 63 Abkari Act പ്രകാരമാണ് അറസ്റ്റ് ചെയ്തത്. 11-8-2015-ന് 15.45-ന് ജാമ്യത്തിൽ വിട്ടയച്ചു.

LIBRARY ARCHIVES Kerala Legislative Assembly